പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3 — 28/06/2016 ൽ മറുപടിക്ക്

സ്വയം ചികിത്സ

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ് പി.<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രോഗികളെ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുംവിധമുള്ള പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ നല്കുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | രോഗികളെ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കും വിധം ആയുർവേദ, സിദ്ധ, യുനാനി മരുന്നുകളുടെ പരസ്യങ്ങൾ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്വയം ചികിത്സ നടത്തുന്നതിലുള്ള അപകടങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മരുന്നുകളേയും ചികിത്സയേയും സംബന്ധിച്ച് പൊതുജനങ്ങളുടെ അജ്ഞത ചൂഷണം ചെയ്യുന്ന വിധത്തിലുള്ള പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നത് ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർടൈസ്മെന്റ്) ആക്റ്റ് 1954 പ്രകാരം കുറ്റകരവും ശിക്ഷാർഹവും ആയതിനാൽ പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങളെക്കുറിച്ചും ശാസ്ത്രീയമായ മരുന്നുപയോഗം സംബന്ധിച്ചും പത്രമാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതിനായും ഇത്തരത്തിലുള്ള പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതിനായും വകുപ്പ് പത്രമാധ്യമങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാകുന്നു. സ്വയം ചികിത്സിയ്ക്കുവാൻ രോഗികളെ പ്രേരിപ്പിക്കുന്ന ഇത്തരം പരസ്യങ്ങൾക്കെതിരെയുള്ള 130ഓളം കേസുകൾ സംസ്ഥാനമൊട്ടാകെ നിലനിൽക്കുന്നു. സ്വയം ചികിത്സകൊണ്ടുള്ള അപകടങ്ങളും അവയുടെ ഭവിഷ്യത്തുകളെകുറിച്ചും ഡോക്ടർമാരുടേയും ആരോഗ്യ പ്രവർത്തകരുടേയും ഉപദേശം തേടേണ്ടതിനെക്കുറിച്ച് ആരോഗ്യ ബോധവൽക്കരണ പരിപാടികളിൽ ഊന്നൽ നൽകുന്നുണ്ട്. വ്യാജ ചികിത്സ നടത്തുന്നവർക്കെതിരെ ആരോഗ്യ വകുപ്പ് പോലീസ് വകുപ്പുമായി ചേർന്ന് നടപടികൾ എടുത്തുവരുന്നു. ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികളുടെ ഭാഗമായി രക്തസമ്മർദ്ദം, പ്രമേഹം തുടങ്ങിയവയെക്കുറിച്ചുള്ള ബോധവൽക്കരണങ്ങളും ഇവ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള സ്ക്രീനിംഗ് പരിപാടികളും താഴെത്തട്ടു മുതൽ നടത്തിവരുന്നു. ഈ രോഗങ്ങളുടെ കാര്യത്തിലും ഡോക്ടർമാരും |

| | | | |
|---|---|---|---|
| | | | ആരോഗ്യ പ്രവർത്തകരും സ്വയം ചികിത്സ നടത്തുന്നതിലുള്ള അപകടങ്ങളെക്കുറിച്ച് രോഗികൾക്കും പൊതുജനങ്ങൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |
| (സി) | ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ? | (സി) | തെറ്റിദ്ധാരണ മൂലമുള്ള അശാസ്ത്രീയമായ മരുന്നുപയോഗം പൊതുജനങ്ങളുടെ ആരോഗ്യാവസ്ഥയ്ക്ക് എതിരെയുള്ള കടുത്ത വെല്ലുവിളിയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പരസ്യങ്ങൾ നിയന്ത്രിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിനായി വകുപ്പിലെ എല്ലാ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് അപകടമുണ്ടാക്കുന്ന തരത്തിലുള്ള പരസ്യങ്ങൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കും. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ